ഹയർ സെക്കന്ററി
ഡയറക്ടറുടെ കാര്യാലയം,
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ,
തിരുവനന്തപുരം.

**Ex.II(3)/24334/HSE/2017** തീയതി : **12/04/2018**

# <u>സർക്കുലർ</u>

<u>വിഷയം</u> :- ഹ.സെ.വി – ഹയർ സെക്കന്ററി പരീക്ഷ മാർച്ച് 2018– മൂല്യനിർണ്ണയക്യാമ്പുകൾക്കുള്ള നിർദ്ദേശങ്ങൾ നൽകുന്നത് – സംബന്ധിച്ച്.

സൂചന : 04/04/2018 - ലെ ഇതേ നമ്പർ ഉത്തരവ്.

പാർട്ട്–3 ഭാഷാവിഷയങ്ങൾ കൈകാര്യം ചെയ്യുന്ന അദ്ധ്യാപകർക്ക് പാർട്ട്–2 ഭാഷാ വിഷയങ്ങളുടെ മൂല്യനിർണ്ണയ ഡ്യൂട്ടി ലഭിച്ചിട്ടുണ്ടെങ്കിൽ പ്രസ്തുത ഡ്യൂട്ടിക്ക് പകരം, നിയമനം ലഭിച്ച ക്യാമ്പിന് സമീപത്തുള്ള പാർട്ട്–3 വിഷയം മൂല്യനിർണ്ണയം ചെയ്യുന്ന ക്യാമ്പിൽ ഹാജരാകണമെന്ന് സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നെങ്കിലും പാർട്ട് – 3 വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന പല അദ്ധ്യാപകരും പാർട്ട് – 3 ക്യാമ്പുകളിൽ പങ്കെടുക്കാതെ പാർട്ട് – 2 വിഷയങ്ങൾ മൂല്യനിർണ്ണയം ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതുമൂലം പാർട്ട് – 3 ഭാഷാ വിഷയങ്ങൾ മൂല്യനിർണ്ണയം നടത്തുന്നതിനായി മതിയായ അദ്ധ്യാപകരെ ലഭിക്കാതെ വരുകയും മൂല്യനിർണ്ണയത്തിന് കാലതാമസം നേരിടുകയും ചെയ്യുന്നു. **<u>ടി സാഹചര്യത്തിൽ പാർട്ട് – 3 വിഷയങ്ങൾ പഠിപ്പിക്കുന്ന അദ്ധ്യാപകർ ഇപ്പോൾ പാർട്ട് – 2 വിഷയങ്ങൾ മൂല്യനിർണ്ണയം നടത്തുന്നുണ്ടെങ്കിൽ പ്രസ്തുത ഡ്യൂട്ടിയിൽ നിന്നും വിടുതൽ ചെയ്ത് അടിയന്തിരമായി പാർട്ട് – 3 വിഷയങ്ങളുടെ സമീപ ക്യാമ്പുകളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.</u>** ഓരോ ക്യാമ്പിലേയും കോ– ഓഡിനേറ്റർമാർ ടി വിഷയത്തിൽ ശ്രദ്ധ ചെലുത്തേണ്ടതും തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ഒപ്പ്/–
ജോയിന്റ് ഡയറക്ടർ (പരീക്ഷാവിഭാഗം)
&
സെക്രട്ടറി
ബോർഡ് ഓഫ് ഹയർ സെക്കന്ററി എക്സാമിനേഷൻസ്
കേരള